**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഇപ്പോൾ എത്ര ശതമാനമാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ തുടക്കം മുതൽ തന്നെ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. 2017 ൽ വനിതാ ബറ്റാലിയൻ രൂപീകരിച്ചതും, 2019 ൽ പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതും, 2021 ൽ ആരംഭിച്ച KAP 6-ാം ബറ്റാലിയനിലെ നിശ്ചിത തസ്തികകൾ വനിതകൾക്ക് എന്ന് വ്യവസ്ഥ ചെയ്തതും, പോലീസ് സേനയിൽ ആദ്യമായി സബ് ഇൻസ്പെക്ടർ തസ്തികയിൽ പുരുഷൻമാർക്കൊപ്പം വനിതകളെയും റിക്രൂട്ട് ചെയ്തതും ഈ ഇടപെടലിന്റെ ഭാഗമായാണ്. സബ് ഇൻസ്പെക്ടർ തസ്തികയിൽ മാത്രം 76 വനിതകളെ നേരിട്ട് നിയമിക്കുകയുമുണ്ടായി. ഇത് സംസ്ഥാനത്ത് ആദ്യമാണ്. നിലവിൽ സംസ്ഥാന പോലീസിലെ ആകെ വനിതാ പ്രാതിനിധ്യം 9.21 ശതമാനമായി ഉയർന്നു. പോലീസ് കോൺസ്റ്റബിൾ വിഭാഗത്തിൽ 13.47 ശതമാനവും സിവിൽ പോലീസ് കേഡറിൽ 12.06 ശതമാനവുമാണ് നിലവിലെ അംഗബലം. ഇത് പടിപടിയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) | പിങ്ക് കൺട്രോൾ യൂണിറ്റ് ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള പിങ്ക് പോലീസിന്റെ നിയന്ത്രണം പോലീസ് ആസ്ഥാനത്തെ എമർജൻസി റെസ്പോൺസ് സിസ്റ്റം (ERSS) എന്ന ഏകീകൃത സംവിധാനത്തിൻ കീഴിലാണ് നിലവിൽ സജ്ജീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് എവിടെ നിന്നും പിങ്ക് ഹെൽപ് ലൈൻ നമ്പരായ 1515 ലേക്ക് ബന്ധപ്പെടാൻ കഴിയുന്ന നിലയിലാണ് ERSS സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ